**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1032** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവിശല്യം തടയുന്നതിനായുള്ള പദ്ധതിയുടെ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ശല്യം തടയുന്നതിനുള്ള സൗരോർജ്ജ വേലി കിടങ്ങ്, സൗരോർജ്ജ തൂക്കുവേലി തുടങ്ങിയവ നിർമ്മിക്കുന്നതിനായി 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും അടങ്ങിയ പദ്ധതിക്ക് ധനവകുപ്പ് അനുമതി നിഷേധിക്കുകയുണ്ടായോ; വിശദമാക്കുമോ; | (എ) | വന്യജീവി ശല്യം തടയുന്നതിനുള്ള സൗരോർജ്ജ വേലി കിടങ്ങ്, സൗരോർജ്ജ തൂക്കുവേലി തുടങ്ങിയവ നിർമ്മിക്കുന്നതിനായി 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും അടങ്ങിയ പദ്ധതിക്ക് ധനവകുപ്പ് അനുമതി നിഷേധിച്ച സംഭവം ഉണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാന വിഹിതമായ 40% നീക്കി വയ്ക്കാത്തതുമൂലം കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 60% സംസ്ഥാനത്തിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായി വനംവകുപ്പ് വിദഗ്ധ സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (സി) | സാമ്പത്തിക ലഭ്യതയ്ക്ക് അനുസരിച്ച് ഹ്രസ്വകാല (3 വർഷം), ദീർഘകാല (3 വർഷത്തിൽ കൂടുതൽ) പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 5 അംഗ സമിതിയെ രൂപീകരിച്ച് 20.06.2023 തീയതിയിലെ സ.ഉ (സാധാ) നം. 242/2023/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ശ്രോതസ് കണ്ടെത്തുന്ന വിഷയം സമിതിയുടെ പരിഗണനയിലാണ്. |
| (ഡി) | വരുമാനം കണ്ടെത്തുന്നതിനായി സമിതി നിർദ്ദേശിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സാമ്പത്തിക ലഭ്യതയ്ക്ക് അനുസരിച്ച് ഹ്രസ്വകാല (3 വർഷം), ദീർഘകാല (3 വർഷത്തിൽ കൂടുതൽ) പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 5 അംഗ സമിതിയെ രൂപീകരിച്ച് 20.06.2023 തീയതിയിലെ സ.ഉ (സാധാ) നം. 242/2023/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക ശ്രോതസ് |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്ന വിഷയം സമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.242/2023/F&WLD

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- മനുഷ്യ വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തികലഭ്യതക്കനുസരിച്ച് ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ് നിർദ്ദേശിക്കുവാനും ഒരു സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.242/2023/F&WLD തീയതി,തിരുവനന്തപുരം, 20-06-2023

---

പരാമർശം:- 1. 25.05.2023- ലെ ചീഫ് സെക്രട്ടറിയുടെ 48/CS/2023/CSO നമ്പർ കുറിപ്പ്.

**ഉത്തരവ്**

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്തി അതിനുള്ള കാരണവും സ്വീകരിക്കേണ്ട പരിഹാരമാർഗ്ഗങ്ങളും ശിപാർശ ചെയ്തുകൊണ്ട് 2021-2022 കാലയളവിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വൈൽഡ് ലൈഫ്& ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരളസർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 5 വർഷത്തേക്ക് 620 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്.

ഇതിനുപുറമെ, ഇതേ കാലയളവിൽ മറ്റൊരു എക്സ്പെർട്ട് സബ് ഗ്രൂപ്പ് രൂപീകരിക്കുകയും, വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം മറ്റൊരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ 10 വർഷത്തേക്ക് 1150 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്.

മേൽ പറഞ്ഞ രണ്ടു റിപ്പോർട്ടുകളും പരിഗണിച്ച്, സാമ്പത്തികലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല (3 വർഷം), ദീർഘകാല (3 വർഷത്തിൽ കൂടുതൽ) പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ് നിർദ്ദേശിക്കാനും ചുവടെ പറയുന്ന അംഗങ്ങൾ അടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി, മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ശ്രീ. കെ.ആർ.ജ്യോതിലാൽ IAS, അഡീഷണൽ ചീഫ് സെക്രട്ടറി (വനം- വന്യജീവി വകുപ്പ്)- ചെയർമാൻ
2. ശ്രീ. മുഹമ്മദ് വൈ സഫിറുള്ള കെ IAS, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ഫിനാൻസ് (റിസോഴ്സസ്) വകുപ്പ്- - മെമ്പർ

സ.ഉ.(സാധാ) നം.242/2023/F&WLD

3 ശ്രീ. ഡി. ജയപ്രസാദ് IFS, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്പ്മെന്റ് )- മെമ്പർ

4. ഡോ. കുരുവിള തോമസ് IFS,(Rtd) - മെമ്പർ

5. ഡോ. എം. ബാലസുബ്രഹ്മണ്യൻ, ലീഡ് വൈൽഡ് ലൈഫ് മോണിറ്ററിംഗ് എക്സ്പെർട്ട്. പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗഡേഷൻ - മെമ്പർ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പകർപ്പ്-പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) &
ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി & ഡി) തിരുവനന്തപുരം.
ശ്രീ. മുഹമ്മദ് വൈ സഫിറുള്ള കെ IAS, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, ഫിനാൻസ് (റിസോഴ്സസ്) വകുപ്പ്
ഡോ.എം.ബാലസുബ്രഹ്മണ്യൻ, ലീഡ് വൈൽഡ് ലൈഫ് മോണിറ്ററിംഗ് എക്സ്പെർട്ട്, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ.
ഡോ. കുരുവിള തോമസ് IFS,(Rtd) ( പി.സി.സി.എഫ് & ഹോഫ് മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ, വനം വന്യജീവി വകുപ്പ്.
ജോയിന്റ് സെക്രട്ടറിയുടെ സി.എ , വനം വന്യജീവി വകുപ്പ്